## ജി വി എച്ച് എസ് എസ് വാളത്തുംഗൽ

നമ്മുടെ അക്ഷരമുത്തശ്ശിക്ക്

ഡിജിറ്റൽ മാഗസീൻ

# സ്പന്ദനം



little KITEs

# ജി വി എച്ച് എസ് എസ് വാളത്തുംഗൽ



# ലിറ്റിൽ കൈറ്റ്സ്

ജി വി എച്ച് എസ് എസ് വാളത്തുംഗൽ

## 2019-2020

# സ്പന്ദനം 2019-2020

# സ്പന്ദനം

ഓരോ കാലവും വിദ്യാർ ത്ഥികളിൽ നിന്നും ആവശ്യപ്പെടുന്നത് വ്യത്യസ്തമായ കഴിവുകളാണ്.തലമുറകൾ പിന്നിടുമ്പോൾ അറിവിന്റെ വാതായനങ്ങൾ മാറി വരും. ഇന്ന് നാം കമ്പ്യൂട്ടർ യുഗത്തിലാണ് ജീവിക്കുന്നത്.കല്ലുകളിൽ കൊത്തിവച്ച് നമ്മുടെ പൂർവ്വികർ തുടങ്ങിയ എഴുത്ത് സമ്പ്രദായം കടലാസ്സുകളെയും പിന്നിട്ട് ഡിജിറ്റൽ അക്ഷരങ്ങളായി മാറി.എഴുത്താണിയുടെ സ്ഥാനം കീബോർഡ് കയ്യടക്കി കഴിഞ്ഞു. കയ്യെഴുത്തുമാസികകളോ ഇ-മാഗസിനുകളും.തന്റെ കാലത്തെ അറിയാൻ തന്റെ ചുറ്റുപാടിനെ അറിയാൻ,മനസ്സിലാക്കാൻ ഈ സാങ്കേതികവിദ്യ ഉപകരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്......................

എഡിറ്റർ

# സന്ദേശം

പുതിയതലമുറയുടെ പ്രതീക്ഷയായ സാങ്കേതികവിദ്യയോടുള്ള ആഭിമുഖ്യം ഗുണകരമായി പ്രയോജനപ്പെടുത്തുന്നതിനായി വാളത്തുംഗൽ ഗവൺമെൻറ് വൊക്കേഷണൽ ഹയർസെക്കൻററിസ് കൂൾ (ഗേൾസ്)-ലും ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമെന്ന നിലയിൽ തയ്യാറാക്കിയ ഇ-മാഗസിൻ നിർമ്മിച്ചു പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷം അറിയിക്കുന്നു.മാഗസിൻ നിർ മ്മാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾ ക്കും സാരഥികൾക്കും അഭിനന്ദനം അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ജമീലത്ത് എ
എച്ച്.എം





# ഹെഡ്മിസ്ട്രസ്സ്

# സ്പന്ദനത്തിന്പിന്നിൽ

പൂർണിമ എം

അഖില എസ്

പാർവതി രാജീവൻ

ആദിത്യ എസ്


നിത്യ ജെ  എംഅഖില സുരേഷ്

ആസിയ നിസാം

ആലിയ എം

ജിസ്മി എസ്




കൈറ്റ്മിസ്ട്രസ്


എസ് ഐ ടി സി


കൈറ്റ്മിസ്ട്രസ്



# ഉള്ളടക്കം

അമ്മ
Self help is the best help
അമ്മക്കിളി
ഹൈടെക് ക്ലാസ്സ്മുറി
Nature bounty
ചുമരെഴുത്തുകൾ
മൂകാംബികേ സ്തുതി
ഉദ്ധരണികൾ
മധ്യമാർഗം
അരുണൻ വരുമ്പോൾ
ചന്ദ്രയാൻ 2 ന്റെ വിജയംഅഭിമാനകരം
Interesting fact Discipline
ശാസ്ത്രംമനുഷ്യന്റെ സുഹൃത്ത്
പൂമരം
പ്രളയം
സൗഹൃദം
Save Nature
കണിക്കൊന്ന
തിരുക്കുറൽ
പ്ലാസ്റ്റിക് മൂലമുള്ള ആരോഗ്യശുചിത്വ പ്രശ്നങ്ങൾ
ഗണിതത്തിന്റെ സൗന്ദര്യം
പഴഞ്ചൊല്ലുകൾ

26 January in Indian History

മൗനം കനക്കുമ്പോൾ

ചിത്രരചന ജിമ്പിൽ

സാക്ഷി

സ്കൂൾ മികവുകൾ

Knowledge is Power

വിദ്യാലയം പ്രതിഭകളോടൊപ്പം

നൊസ്റ്റാൾജിയ

സന്ധ്യയോടടുക്കുന്നു

തെരുവിൻെറ സന്തതികൾ

ഇൻറർനെററും വയറസ്സും

അമ്മ

ആഴവും ഉയരവും


Funny Tricks

പ്രശ്നോത്തരി

ഗ്രാമഭംഗി

കടപ്പാട്

നന്ദി




WBSantos
(06/10/12)

കവിത

# അമ്മ



മുലപ്പാലിൻ മധുരം നുകർന്ന അമ്മ
നിഴൽ പോലെ കൂടെ നടന്ന അമ്മ
കണ്ണിലെ കൃഷ്ണമണിപോൽ കാത്തു അമ്മ
നെഞ്ചിലെ ചൂടേറ്റി വളർത്തി അമ്മ
എല്ലാം പകർന്ന് വളർത്തി അമ്മ
"എന്നെ വലിയോരാളാക്കിമാറ്റി അമ്മ "

- ജിസ്മി .എസ്.എസ്

# Self Help is the Best Help

Every person wishes to lead a happy life. Some people work very hard and earn a living. As a result they prosper in life and become happy. They help themselves to prosper by their hard work. But there are certain people who are lazy and do not want to work hard. At the same time, these people also want to be prosperous and happy.

These people want others to work for them. If we are hard working, others will help us in our needs . They will be only happy to help us and we don't have to be ashamed of asking help from others too. But if we are lazy,others

will never care of us.

They will blame us and laugh at us for being lazy . The question here is whether  we are ready to help ourselves before trying to get help from others.
If we are ready,we will win the love and sympathy of others. We will become prosperous and happy then. So,work hard ,do our duties and thus help ourselves. Thus it can be aptly said that self help is the best help.

Aziya

# കവിത

## അമ്മക്കിളി

**തൻ കുട്ടിൽപൈതങ്ങളെ കാക്കുന്നു**
**നോക്കുന്നു,ഊട്ടുന്നു,ഉറക്കുന്നു,**
**അമ്മക്കിളി തൻ ചിറകിൻ ച്ചൂടേറ്റ്**
**കുഞ്ഞുങ്ങളെ കണ്ണിമ ചിമ്മാതെ**
**സംരക്ഷിക്കുന്നു**

അഖിലസുരേഷ്

# ഹൈടെക് ക്ലാസ്സ് മുറി



# NATURES BOUNTY



The Nature with its treasure
All so countless to measure
fish and whales in the deep blue water
life in the sea; so alive.

Grass lands and forests with terrestrial
life,
cold, freezing mountain peaks
and hot; tiring deserts
Life among the trees and sands; so
alive

Sky so blue with air so fresh
only sun, moon and stars to see
Eagles and vultures take their turn
Life in the sky, so alive.

NITHYA.J.M

## കഥ

# ചുമരെഴുത്തുകൾ

അഭയംതേടി അടുത്തുള്ള വിദ്യാലയത്തിലെ ദുരിതാശ്വാസ ക്യാമ്പിലെത്തിയ അമ്മാളു മുത്തശ്ശിക്ക് തല ചായ്ക്കാൻ ഒന്നാം ക്ലാസിലെ ബെഞ്ചാണ് കിട്ടിയത് കൂട്ടിന് അഞ്ചുവയസ്സുകാരി അമ്മുവും

"മുത്തശ്ശി പടിച്ചിട്ടുണ്ടോ?"

മൗനത്തിൻെറ ഇടവേള അവസാനിച്ചപ്പോൾ അമ്മുചോദിച്ചു.

മുത്തശ്ശി വിളറിയ ഒരു ചിരിയോടെ തലയാട്ടി. "

"ഇല്ല കുട്ട്യേ."

"എന്നാലേ, മുത്തശ്ശിയെ ഞാൻ പടിപ്പിക്കാട്ടോ."

അത്രയും പറഞ്ഞ് അവൾ ചുമരിനടുത്തേക്കു ചെന്നു.

"ഒരുമ തന്നെ പെരുമ. ഒന്നായാൾ നന്നായി."

ചുമരിലെഴുതിയ സന്ദേശങ്ങൾ അവൾ

ഉറക്കെ വായിച്ചു.

"ശരിയാ കുട്ട്യേ, എല്ലാവരും ഇപ്പഴ് ഒന്നായല്ലോ

നായരും നായാടിയും പണക്കാരനും പാവപ്പെട്ടോനും

ഒക്കെ ഒന്നിച്ചല്ലോ."

മുത്തശ്ശി ഒന്നു നെടുവീർപ്പിട്ടു.

അമ്മു അടുത്ത സന്ദേശം വായിച്ചു.

"പലതുള്ളി പെരുവെള്ളം

"അതിപ്പഴ് എല്ലാവർക്കും ബോധ്യപെട്ടല്ലോ."

**മുത്തശ്ശി പിറുപിറുത്തു.**

**അമ്മു അടുത്ത ചുമരെഴുത്തിലേക്കു കണ്ണോടിക്കുന്ന-**

**തിനുമുമ്പ് അമ്മയെത്തി.**

**"നീ ഇവിടെ എന്തു ചെയ്യുകയാണ് ?" അമ്മ**

**ചോദിച്ചു.**

**"ഞാൻ മുത്തശ്ശിയെ പഠിപ്പിക്കുകയാണ്." അവൾ ഗൗരവം വിടാതെ**

**പറഞ്ഞു.**

**"ഇനിയിപ്പോൾ അതിൻെറ ഒരു കുറവേയുള്ളൂ. വെള്ളമിറങ്ങുമ്പോൾ**
**കേറിക്കിടക്കാൻ വീട് ബാക്കിയുണ്ടാകണമേയെന്ന്**

**പ്രാർത്ഥിക്ക്."**

**അമ്മുവിൻെറ അമ്മയുടെ തൊണ്ടയിടറി.**

**അമ്മു അടുത്ത സന്ദേശം വായിച്ചു .**

**"ജലമില്ലെങ്കിൽ ജനമില്ല."**

**പറഞ്ഞു തീരുംമുമ്പ് അമ്മുവിൻെറ പുറത്ത് അടി വീണു.**

**"ഇനി മിണ്ടരുത്."അമ്മ അലറി.**

**അമ്മു അന്തംവിട്ട് മിഴിച്ചു നിൽക്കുകയാണ്.**
**അമ്മ കരയുന്നതെന്തിനാണെന്ന് അവൾക്ക് മനസ്സിലായില്ല**



ആലിയ എസ്

കവിത

# മൂകാംബികേ സ്തുതി

*മുപ്പത്തി മുക്കോടി ദേവകളും*
*പുഷ്പാർച്ചാന ചെയ്യും മൂകാംബികേ*
*നിൻ തിരുപാദത്തിൽ അർച്ചന ചെയ്യൊരു*
*പൂവായി ഞാനിന്നു മാറിയെങ്കിൽ- അമ്മേ*
*പൂവായി ഞാനിന്നു മാറിയെങ്കിൽ*

*നിൻ തിരു കൈകളിൽ ഏന്തി നിൽകും- ആ*
*വീണയിൽ നാദമായി ഞാൻ മാറിയെങ്കിൽ*
*നിന്നുള്ളം കൈയ്യിലെ വേദഗ്രന്ഥത്തിലെ*
*വേദമായി ഞാനിന്ന് മാറായെങ്കിൽ- ദേവി*
*വേദമായി ഞാനിന്ന് മാറിയെങ്കിൽ*
*അറിവിന്റെ പൊരുളേ ആനന്ദദായിനീ*
*അഖിലജ്ഞാനത്തിന്നു മാധാരമേ*
*അകതാരിൽ നീ ജ്ഞാന പ്രഭയായി ദേവി*
*ഉണരുണരൂ ദേവി മൂകാംബികേ*
*ഉണരുണരൂ ദേവി മൂകാംബികേ*

*ശുഭ്രവസ്ത്രാവൃതേ വേദ സ്വരൂപിണി*
*നാദാത്മികേ ദേവി ജ്ഞാനാത്മികേ*
*ബ്രഹ്മസ്വരൂപിണീ അന്നപ്രദായിനി*
*പാഹിമാം പാഹിമാം മൂകാബികേ*
*പാഹിമാം പാഹിമാം മൂകാബികേ*

പൂർണിമ എം

# ഉദ്ധരണികൾ

ഇന്നലെകൾ ഓർമ്മകളും

നാളെകൾ പ്രതീക്ഷകളുമാണ്

" ജീവിതമെന്നത് ഇന്നാണ് "

" വിദ്യാർത്ഥികൾ നാളെയുടെ വാഗ്ദാനങ്ങൾ "

" പ്രകൃതി നമ്മുടെ സമ്പത്ത് "

ജിസ്മി എസ്

കവിത

# മധ്യമാർഗം



ചുരുട്ടാതെപോയ മുഷ്ടിയിൽ
ചുറ്റിപ്പിണഞ്ഞ് കിടപ്പുണ്ട്
തിളയ്ക്കാതെ പോയ രോഷം
ഇരുന്നിരുന്ന്
തെരുത്ത് പോയ കാലിൽ
നീരുപോൽ
ഉറഞ്ഞ് കിടപ്പുണ്ട്
താണ്ടാതെ പോയ ദൂരം
ചൂണ്ടാതെ പോയ വിരലിൽ
തലകുനിച്ച് നിൽപ്പുണ്ട്
കണ്ണടച്ച ചില താക്കീതുകൾ
വിയർക്കാത്ത നെറ്റിയിൽ
ഫെയ്സ്ക്രീമുപോലെ
വിളറിവെളുത്ത് കിടപ്പുണ്ട്

## സ്പന്ദനം

കൊള്ളാതെപോയ വെയിൽ
കണ്ണിലും
കരളിലും
കല്ലിച്ചു കിടപ്പുണ്ട്
പറയാതെപോയ ഇഷ്ടങ്ങൾ
തുറക്കാതെ വച്ച
നിലവറയിൽ
കൊടികൾക്കൊപ്പം
തരംപോലെ എടുത്തണിയാനായ്
അരുമയോടെ
അലക്കി മടക്കി വച്ചിട്ടുണ്ട്
കുടുമയും കുറിയും
കൊന്തയും കുരിശും
തൊപ്പിയും തട്ടവും.
അതുവരേക്കും
കൊറിച്ചിരിക്കാനായ്
ഉവാത്ത കണ്ണീരിൻെറ

ആദിത്യ എസ് എസ്

## കവിത

# അരുണൻ

# വരുമ്പോൾ




ഇരുളിനെ മായിച്ചുകൊണ്ടെത്തുന്ന ധീരൻ
പത്നിതൻ ദുഃഖങ്ങൾ തീർക്കുന്ന ഉത്തമപുരുഷൻ
പൂവിനെ ചിരിപ്പിച്ച്,മേഘങ്ങളെ കരയിപ്പിച്ചു
സന്തോഷമേകുവാൻ എവർക്കും
ആരാണിതാരാണിതാരാണി വീരൻ.
നീലയാം കടലമ്മയിൽ ജനിച്ചും
അവളുടെ പാദാരവിന്ദൻ വിശ്രാന്തി കൊണ്ടും
മർത്ത്യനു ദിനരാത്രങ്ങൾ നൽകുന്നു.

പൗർണമിലാൽ എച്ച്

# ലേഖനം

## ചന്ദ്രയാൻ 2 ന്റെ വിജയം അഭിമാനകരം




ഇന്ത്യാക്കാരായതിൽ നമുക്ക് അഭിമാനിക്കാം. ഇന്ത്യയുടെ ശാസ്ത്രസാങ്കേതിക മികവിൽ നമുക്ക് വിശ്വാസമർപ്പിക്കാം. ചന്ദ്രയാൻ-2 ൻെറ വിജയം അങ്ങനെയൊക്കെ ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

അതിസങ്കീർണ്ണമാണ് സ്പേസ് ടെക്നോളജി .സ്പേസ് യാത്രകളും. ആ മേഖലയിലേക്കിറങ്ങാൻ അപൂർവ്വം ചില

രാജ്യങ്ങൾക്കേ കഴിഞ്ഞിട്ടുള്ളൂ. ഇന്ത്യ ആ വെല്ലുവിളി നേരത്തെതന്നെ
ഏറ്റെടുത്തു. അതിവിദഗ്ധരായ ശാസ്ത്രജ്ഞന്മാരുടെ സംഘമുണ്ടാക്കി.
ചിട്ടയായി പ്രവർത്തിച്ചു മുന്നേറി. അങ്ങനെയാണ് 'ഇസ്രോ'ഇന്ന് ലോ-
കത്തെ മുൻനിരയിലുള്ള ഒരു പ്രസ്ഥാനമായി മാറിയിരിക്കുന്നത്. പടിപടിയായിട്ടായിരുന്നു ഈ രംഗത്തെ ഇന്ത്യയുടെ
വളർച്ച. ആദ്യചാന്ദ്രദൗത്യം വിജയിച്ചു. ചന്ദ്രൻെറ നൂറു കിലോമീറ്റർ
അടുത്തുള്ള ഭ്രമണപഥത്തിലെത്തുകയെന്ന വെല്ലുവിളിയിൽ അന്ന് നാം
വിജയിച്ചു. ഇന്നോ? ചന്ദ്രയാൻ-2 ൻെറ ദൗത്യം കൂടുതൽ സങ്കീർണ്ണം.
സുരക്ഷിതമായി പര്യവേക്ഷണവാഹനത്തെ ചന്ദ്രനിൽ ഇറക്കുകയെന്ന-
താണ് ദൗത്യം. അതിസങ്കീർണ്ണമായ ആ പ്രക്രിയകൾ കിറുകൃത്യമായിനിർവ്വഹിക്കാനാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ഇന്ത്യൻ ജനതയുടെ
നിത്യജീവിതത്തിൽഅനേകം സേവനങ്ങൾ ഇപ്പോൾ തന്നെ ഇന്ത്യൻ ഉപഗ്രഹങ്ങൾ നടത്തു-ന്നുണ്ട്. പ്രവർ-ത്തനക്ഷമമായ 45 ഉപഗ്രഹങ്ങൾ ഇപ്പോൾ ആകാശത്തു-കൂടി സഞ്ചരിച്ച് നമുക്ക് വേണ്ട സേവനങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു.ഈ എണ്ണം ഇനിയുംകൂടും.ഇന്ത്യൻ ശാസ്ത്രജ്ഞർ ചന്ദ്രനിൽ സുരക്ഷിതമായി ഇറങ്ങി പഠനം നടത്തി തിരിച്ചു വരുന്ന കാലം അത്ര വിദൂരമല്ല.

ബഹിരാകാശത്ത്
നമുക്ക് മഹത്തായ നേട്ടങ്ങൾ ഉണ്ടാക്കാൻ കാരണമായത് സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള കുറച്ചു പ്രവർത്തനങ്ങളാണ്. ജവഹർലാൽ
നെഹ്റു, ഭാഭ, വിക്രം സാരാഭായി എന്നിവരെ നാം ഇപ്പോൾ ഓർത്തുപോകും കലാമിനെയും.

സ്പേസ് ഗവേഷണരംഗത്ത് അന്ന് ഉറപ്പിച്ച
അടിത്തറയിലാണ് 'ഇസ്രൊ 'ഇന്ന്

തിളങ്ങി വിരാജിക്കുന്നത്.

ബഹിരാകാശഗവേഷണത്തിലൂടെ ഇന്ത്യയുടെയും ലോകത്തിൻെറയും
കുതിപ്പാണ് ഇന്ത്യയുടെ ലക്ഷ്യം. ചന്ദ്രയാൻ-2 ൻെറ ആദ്യഘട്ടവിജയം നമുക്ക് ആഘോഷി-
ക്കാം. അതിൻെറ ഇനിയുള്ള ഘട്ടങ്ങളും വിജയിക്കട്ടെ എന്ന് ആശംസിക്കാം.

ആസിയ



# Interesting fact Discipline

Discipline is the most behaviour in our life . Do you know what does it mean?

D= Is the 4th letter of Alphabet

I = Is the 9th letter of Alphabet

S = Is the 19th letter of Alphabet

C = Is the 3rd letter of Alphabet

I = Is the 9th letter of Alphabet

P = Is the 16th letter of Alphabet

L =Is the 12th letter of Alphabet

I = Is the 9th letter of Alphabet

N = Is the 14th letter of Alphabet

E= Is the 5th letter of Alphabet

All together Disciple Makes 100

4+9+19+3+9+16+12+9+14+5=100

That means Discipline makes a man

100% Perfect.

misiriya B

# ശാസ്ത്രം മനുഷ്യന്റെ സുഹൃത്ത്

ഇത് ശാസ്ത്രത്തിന്റെ യുഗമാണ്. ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളെ അടിസ്ഥാനമാക്കി നിർമ്മിച്ച് യന്ത്ര ങ്ങളും സാമഗ്രികളും നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുകയും എളുപ്പമുള്ളതാക്കി മാറ്റുകയും ചെയ്-തിരിക്കുന്നു. അത് മനുഷ്യന് വിശാല മായ വിനോദസാധ്യതകൾ പ്രദാനം ചെയ്തിരിക്കുന്നു. അത് ദൂരങ്ങളുടെ ദൈർഘ്യം ഗണ്യമായി കുറച്ചിരിക്കു- ന്നു. മനുഷ്യായുസ്സ് ഗണ്യമായി വർദ്ധിക്കുകയും മരണനിരക്ക് കുറയുകയും ചെയ്യുന്നു.

ആസിയ എസ്

## കവിത

# പൂമരം




നിൻ ചുവട്ടിൽ ഇരിക്കുമ്പോഴും
മോഹങ്ങളേറേ വളർന്നിരുന്നു.
ഏകാന്തമാം എന്നെ വസന്തത്താൽ തുകി നീ........
പൂക്കൾ പൊഴിയുമാവേളയിൽ നിൻപൂമഴയിൽ
ഞാൻ നനഞ്ഞു നിന്നു
നിൻ പൂമെത്തയിൽ എന്നെ തഴുകി ഉറക്കി നീ
നിന്നിലെ  പൂവിൻെറ ഗന്ധമെന്നിൽ പുതു ഉണർ
വേകി
നീ എന്ന വികാരമെൻ മനസുലച്ചു
നിൻ സ്നേഹമെന്നിൽ കാറ്റായി പതിഞ്ഞു
നീ എന്നിലെ ആത്മാവിൻ അംശമായി ജീവിക്കും
അന്നും....ഇന്നും....എന്നും.............

പാർവതി രാജീവൻ

കവിത

# പ്രളയം



പ്രളയം നടുക്കിയ കേരളം
പ്രളയത്തിൽ നടുങ്ങിയ കേരളം
വിറങ്ങലിച്ചു നിന്നുപോയി നാം
മരവിച്ചു നിന്നുപോയി നാം

തളരരുത് തകരരുത് കരയരുത്
നമുക്കൊന്നായ് നമുക്കൊന്നായ്
മുന്നേറാം
നവകേരള സൃഷ്ടിക്കായി
നമുക്കൊന്നായി കൈകോർക്കാം

*നിത്യ.ജെ.എം*


## ലേഖനം

# സൗഹൃദം

സൗഹൃദം എന്നും ഒരു നല്ല ബന്ധമാണ്
നല്ലസൗഹൃദം എന്നും നമ്മെ നന്മയിലേക്ക് നയിക്കും.
ഒരു പൂന്തോട്ടത്തിൽ വിരിയുന്ന പൂക്കൾ പോലെയാണ്
സൗഹൃദം. ഒരു നല്ല സൗഹൃദത്തിന് നമ്മുടെ
മനസ്സിലെവിഷമം മനസ്സിലാക്കാൻ കഴിയും. കൂട്ടുകാർ
എന്നും നമ്മുടെ ജിവിതത്തിലെ ഒരു ഭാഗമാണ. രത്നം
പോലെ വിലപിടിപ്പുള്ള ഒന്നാണ് സൗഹൃദം. ഇത്
ദൈവം നമുക്ക് നൽകുന്ന സമ്മാനമാണ. സൗഹൃദം
എന്നും മറക്കാൻ പറ്റാത്ത ബന്ധമാണ.
സുഹൃത്തുക്കള്എപ്പോഴും മനസ്സിന് സന്തോഷം നൽകും.
ജീവിതത്തിൻെറ പല സന്ദർഭങ്ങളിലും താങ്ങും
തണലുമായി എന്നും നമ്മോടുകൂടെ നിൽക്കുന്നവരാണ്
സുഹൃത്തുക്കൾ.


അയിഷ യഹിയ

# Save nature









ദേവിക

# കവിത

## കണിക്കൊന്ന



കണിവിളക്കുകൾ
തെളിഞ്ഞ കാലം,
കണിക്കൊന്ന പൂത്തകാലം
വാഴവള്ളിയൽ കോർത്തൊരു
മുല്ലമൊട്ടുകൾ
രത്നക്കല്ലുകളായി മാറിയ കാലം
തേനൂറുന്ന മാമ്പഴംപോലെ
മഞ്ഞപ്പുഷ്പമായി
വിരിഞ്ഞകാലം
പാട്ടുപാടാനൊരു കോകിലം എൻ
കൊന്നമരത്തിൽ വന്നിരുന്നകാലം
വാൽക്കണ്ണാടിയിൽ ഞാൻ എൻ ഛായ

**ആസിയ**

# திருக்குறள் (തിരുക്കുറൾ)

1.அகர முதல எழுத்தெல்லாம் ;ஆதி
பகவன் முதற்றே உலகு.
2.கற்றதனா லாய பயனென்கொல்
வாலறிவன்
நற்றாள் தொழாஅர் எனின்.
3.மலர்மிசை ஏகினான் மானடி சேர்தார்
நிலமிசை நீடுவாழ் வார்.
4.வேண்டுதல் வேண்டாமை இலானடி சேர்தார்
யாண்டும் இடும்பை இல.
5.இருள்சேர் இருவினையும் சேரா இறைவன்
பொருள்சேர் புகழ்புரிந்தார் மாட்டு.
6.பொரிவாயிள் ஐந்தவித்தான் பொய்தீர்
ஒழுக்க
நெறிநின்றார் நீடுவாழ் வார்.
7.தனக்குவமை இல்லாதான்
தாள்சேர்ந்தார்க்கு அல்லால்
மனக்கவலை மாற்றல் அரிது.
8.அறவாழி அந்தணன் தாள்சேர்ந்தார்க்கு
அல்லால்
பிறவாழி நீந்தல் அரிது.
9.கோளில் பொறியில் குணமிலவே
எண்குணத்தான்
தாளை வணங்காத் தலை.

10.பிறவிப் பெருங்கடல் நீந்துவார் நீந்தார்
இறைவன் அடிசேரா தோர்.

## 2. வான் சிறப்பு

11.வான்நின்று உலகம் வழங்கி வருதலால்

தான்அமிழ்தம் எண்றுணரற் பாற்று

12.துப்பார்க்குத் துப்பாய துப்பாக்கித் துப்பார்க்குத்

துப்பாயதுஉம் மழை.

13.விண்இன்று பொய்ப்பின் விரிநீர் வியனுலகத்து

உள்நின்று உடற்றும் பசி.

14.ஏரின் உழாஅர் உழவர் புயலென்னும்

வாரி வளங்குன்றிக் கால்.

15.கெடுப்பதூஉங் கெட்டார்க்கு சார்வாய்மற் றாங்கே

எடுப்பதுஉம் எல்லாம் மழை.

16.விசும்பின் துளிவீழின் அல்லால்மற் றாங்கே

பசும்புல் தலைகாண்பு அரிது.

17.நெடுங்கடலும் தந்நீர்மை குன்றும் தடிந்தெழிலி

தான்நல்கா தாகி விடின்.

18.சிப்பொடு பூசனை செல்லாது வானம்

வறக்குமேல் வானோர்க்கும் ஈன்டு.

19.தானம் தவம்இரண்டும் தங்கா வியின் உலகம்

வானம் வழங்கா தெனின்.

20. நீர்இன்று அமையாது உலகெனின் யார்யார்க்கும்

வான்இன்று அமையாது ஓழுக்கு.

## 3. நீத்தார் பெருமை

21.ஓழுக்கத்து நீத்தார் பெருமை விழுப்பது

வேண்டும் பனுவல் துணிவு.

22.துறந்தார் பெருமை துணைக்கூறின் வைத்து

இறந்தாரை எண்ணிக்கொண் டற்று.

23.இருமை வகைதெரிந்து ஈண்டுஅறம் பூண்டார்

பெருமை பிறங்கிற்று உலகு.

24.உரனென்னும் தோட்டியான் ஓரைந்தும் காப்பான்

வரனென்னும் வைப்பிற்கோர் வித்து.

25.ஐந்தவித்தான் ஆற்றல் அகல்விசும்பு ளார்கோமான்

இந்திரனே சாலும் கரி.

*പൂർണിമ*

# പ്ലാസ്റ്റിക് മൂലമുള്ള ആരോഗ്യ ശുചിത്വ പ്രശ്നങ്ങൾ

പ്ലാസ്റ്റിക് പ്രകൃതിക്ക്, അതായത് ഭൂമിയിൽ വരുത്തുന്ന മാറ്റങ്ങൾ,ഭൂമിയിലെ ജീവവർഗത്തിന് അതായത്,ബാക്ടീരിയ,ജൈവപ്രക്രിയയ്ക്ക് സഹായിക്കുന്ന സൂക്ഷമാണുക്കൾ, സസ്യങ്ങൾ,ചെറുപ്രാണികൾ,മൃഗങ്ങൾ, മനുഷ്യർ,ജലസസ്യങ്ങൾ,ജന്തുക്കൾ എന്നിങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത 14-ആയിരം കോടി ജീവിവർഗത്തിന് ഏൽപ്പിക്കുന്ന ആഘാതം എത്ര മാത്രമാണെന്ന് നമ്മൾ ഓരോരുത്തരും

അന്വേഷിച്ച് കണ്ടെത്തേണ്ടതാണ്.
നമ്മൾ ഓരോരുത്തരും വിചാരിക്കുന്നത് ഞാൻ ഒരാൾ വിചാരിച്ചാൽ മാത്രം എന്ത് വ്യത്യാസം വരുത്താനാണ്, എന്നാൽ ഒരാൾ വിചാരിച്ചാൽ എന്നതുപോലെ ഓരോരുത്തരും തീരുമാനിക്കുക, പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കാൻ.

പ്ലാസ്റ്റിക് എന്ന വസ്തു കണ്ടെത്തുന്നതിന് മുൻപ് ഇവിടെ മനുഷ്യൻ അവന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റി സന്തോഷത്തോടെ ജീവിച്ചിരുന്നു എന്ന് മനസ്സിലാക്കണം.എന്തും, ആവശ്യത്തിനും അത്യാവശ്യത്തിനും ഉപയോഗിച്ചാൽ അത് സമൂഹത്തിന് ഒരു വിപത്തായി മാറുകയില്ല.

പ്ലാസ്റ്റിക് ഏതൊക്കെ തരത്തിലാണ് നമ്മുടെ ശരീരത്തിൽ,

പ്രകൃതിയിൽ, സസ്യങ്ങളിൽ, ജലാശയത്തിൽ എത്തുന്നത് എന്ന് നോക്കാം:

- ..പ്ലാസ്റ്റിക് ഉപയോഗത്തിന് ശേഷം പുറത്തേക്ക് വലിച്ചെറിയുന്നത്.
- ഓരോ വീട്ടിലും കത്തിക്കുന്നത്.
- ഓരോ സ്ഥാപനങ്ങളിൽ കത്തിക്കുന്നത്.

പ്ലാസ്റ്റിക് ഉപയോഗത്തിന് ശേഷം വലിച്ചെറിയുന്നത്,നേരിട്ട് ജലാശയത്തിൽ വലിച്ചെറിയുന്നത്, റോഡിൽ,തുറസ്സായ സ്ഥലത്ത് വലിച്ചെറിയുന്നത് മഴയത്ത് ഒഴുകി ജലാശയത്തിൽ എത്തുന്നു.ഇതിൽ കുറെ ജലാശയത്തിൻെറ അടിത്തട്ടിൽ അടിഞ്ഞുകൂടുന്നു. ബാക്കി ജലാശയത്തിന് മുകളിൽ പൊങ്ങി കിടക്കുന്നു.

അടിഞ്ഞുകൂടുന്നത് ജലാശയത്തിൻെറ അടിയിലേക്ക് ജലം ആഴ്ന്നിറങ്ങുന്നത് തടയുന്ന ു.ഇതുമൂലം

ഭൂഗർഭജലത്തിൻെറ അളവ് കുറയുന്നു.

മുകളിൽ പൊങ്ങിക്കിടക്കുന്നവ ജലസസ്യത്തിനും ജലജീവികളുടെ ജീവനും ഭീഷണിയാകുന്നു. തുടർന്ന് കുളവാഴ പോലെ ജലാശയങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാകുന്നവയുടെ
വളർച്ച ത്വരിതപ്പെടുത്തുന്നു.

പ്ലാസ്റ്റിക് കത്തിക്കുമ്പോൾ ഉണ്ടാകുന്ന ഡയോക്സിൻ പുകയുടെ
രൂപത്തിൽ അന്തരീക്ഷത്തിൽ എത്തി
വൃക്ഷങ്ങളിലും സസ്യങ്ങളുടെ ഇലയിലും
പറ്റിപ്പിടിക്കുന്നു.ഇത് അവിടെ ഇരിക്കുന്നത് കൊണ്ട്
പ്രകാശ-
സംശ്ലേഷണം നടത്താൻ പറ്റാതെ പെട്ടെന്ന് കൊഴിയുന്നു. ഇതിൽ പറ്റിപ്പിടിച്ചിരിക്കുന്ന
ഡൈഡയോക്സിൻ മഴ
പെയ്യുമ്പോൾ മഴവെള്ളത്തോടൊപ്പം
ജലാശയങ്ങളിലും മറ്റു ശ്രോതസ്സുകളിലും ചെന്നു ചേരുന്നു.ഇത് ജലത്തോടൊപ്പം മനുഷ്യശരീരത്തിൽ
എത്തുന്നു.

- 
- പ്ലാസ്റ്റിക്കിൽ ഭക്ഷണം കഴിക്കുന്ന

സന്ദർഭങ്ങൾ

- പാഴ്സൽ - ഭക്ഷണം
- തട്ടുകടയിൽ - പൊതിഞ്ഞ് വാങ്ങുന്ന ഭക്ഷണം നേരിട്ട് കഴിക്കുന്നത്.

- ഡിസ്പോസിബിൾ പാത്രം, ഗ്ലാസ്സ് എന്നിവ ആഘോഷവേളകളിൽ ഭക്ഷണം നൽകുന്നതിന് ഉപയോഗിക്കമ്പോൾ
- പാക്കറ്റ് ഭക്ഷണം

-ഈ സന്ദർഭങ്ങളിൽ ചൂട് കൊണ്ട് പ്ലാസ്റ്റിക്കിൻെറ chemical structure- ൽ വ്യത്യാസം ഉണ്ടായി ഭക്ഷണവുമായി

ചേരുന്നു. ഇത് മനുഷ്യൻെറ ശരീരത്തിൽ നേരിട്ട് പ്ലാസ്റ്റിക് എത്തുന്നതിന് കാരണമാകുന്നു. മാവ്, തൈര്,സോഫ്റ്റ് ഡ്രിങ്ക്സ്,പിക്കിൾസ്

എന്നിവയിൽ ആസിഡ് അടങ്ങിയിരിക്കുന്നു.ഇത് പ്ലാസ്റ്റിക്കുമായി വളരെ പെട്ടെന്ന് രാസപ്രവർത്തനത്തിൽ ഏർപ്പെട്ട് ഭക്ഷണപദാർത്ഥവുമായി കൂടിചേരുകയും മനുഷ്യശരീരത്തിൽ എത്തുകയും ചെയ്യുന്നു



*അഖില*

# ഗണിതത്തിന്റെ സൗന്ദര്യം

| | | | | | |
|---|---|---|---|---|---|
| 1 | * | 8 | + | 1 | = 9 |
| 12 | * | 8 | + | 2 | = 98 |
| 123 | * | 8 | + | 3 | = 987 |
| 123 | * | 8 | + | 4 | = 9876 |
| 1234 | * | 8 | + | 5 | = 98765 |
| 12345 | * | 8 | + | 6 | = 987654 |
| 123456 | * | 8 | + | 7 | = 9876543 |

# പഴഞ്ചൊല്ലുകൾ

. കാണം വിറ്റും ഓണം ഉണ്ണണം

.കുന്തം പോയാൽ കുടത്തിലും തപ്പണം

.കൊന്നാൽ പാപം തിന്നാൽ തീരും

.കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി

.ചക്കരക്കുടത്തിലേ ഉറുമ്പരിക്കൂ

.കൊഞ്ച് തുള്ളിയാൽ മുട്ടോളം

പിന്നെയും തുള്ളിയാൽ ചട്ടിയോളം

.കൊലക്കുടയിൽ സൂചി വിക്കരുത്.

***അഖില 9A***

# 26 January in Indian History

. Sher Shah defeated Humayun on 26 January 1539.

. Jehangir was born on 26 January 1554.

. Babar died on 26 January 1580.

. Tipu Sultan fought with the English on 26 January 1762.

. The Telephone System in Bombay, Calcutta and Madras were started on 26 January 1816.

. The Bombay High Court was set up on 26 January 1869.

സ്പന്ദനം

. The First Railway from Calcutta to Bombay started on 26 January 1874.

. Our Country took the pledge of complete independence on 26 January 1930.

. The new constitution of free India came into force and India was declared a Republic on 26 January 1950.

BY




***Parvathy.S***




VII.C
VIII.A
V.A

# മൗനം കനക്കുമ്പോൾ




വല്ലാത്ത മൂർച്ചയാണ്
ആ നിശ്ശബ്ദതയ്ക്ക്.
മനസ്സിനെ കറുപ്പിച്ച്,
കാഴ്ചകളെയെല്ലാം
മൂടിക്കളയുമത്.
ഉദയസൂര്യപ്രഭയും
കിളിക്കൊഞ്ചലും
കുസുമസൗരഭവും
അപഹരിച്ചുകളയുമത്.
വെളിച്ചത്തിന്റെ
വെള്ളിനൂലുകളെ
ഇരുട്ടിൽ താഴ്ത്ത
കിനാവുകളുടെ
വർണ്ണച്ചിറകുകളെ
ചാമ്പലാക്കുന്നു.



കൃപ

# ചിത്രരചന ജിമ്പിൽ







നിത്യ

## കവിത

# സാക്ഷി

ആരോരും ഇല്ലാത്ത രാവിലന്നു ഞാൻ
തേങ്ങി ഭ്രാന്തിയാം മഴക്കോപ്പം
വ്രണിതമാം കണ്ണുകൾക്കോരാശ്രയമിനിയെ
ന്നെന്നു ഞാനുരുവിട്ടുമ്പോൾ
കണ്ണിൽ നിന്നൊഴുകുന്ന ചോരയായ്
വിണ്ടുമാ കാഴ്ചകൾ ഞാനോർത്തിടുന്നു
നഗ്നയാം അവൾക്കോപ്പം തേങ്ങിടുമാ പിഞ്ചു
പൈതം
ഈ കണ്ട കാഴ്ചയ്ക്കു ഞാൻ സാക്ഷി നീ സാക്ഷി
ഭൂലോകവും നിത്യ ദൃസാക്ഷികൾ
സാക്ഷി സാക്ഷി സാക്ഷി..

**അതിഷ്ഠ**

# സ്കൂൾ മികവുകൾ









# ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങൾ









# Knowledge is Power

Greed for power is inherent in man . This desire comes from the consciousness of man 's mental and moral superiority over other creatures . It is instinctive,therefore ,that man as a superior being should control and dominate other . Again finding that all begins are created unequal gives birth to the desire to rule and dominate others. The history of the fight for the power.
Thus from the primitative wares of tribes and clans to the ruinous wares of today,there is only one idea behind these
wars and that is the thirst for power.

lekshmi

# വിദ്യാലയം പ്രതിഭകളോടൊപ്പം



# നൊസ്റ്റാൾജിയ



കവിത

# സന്ധ്യയോടടുക്കുന്നു........

പകൽ മാറി.............
ജീവിതം സന്ധ്യയോടടുക്കുന്നു
ദീപം തെളിച്ചിടാൻ..........
മുന്നിലില്ലാരും
നിലത്തുറയ്ക്കാതെ
കുഴയുമെൻ കാലുകൾ
ഇടറുന്ന വാക്കുകൾ ,
ഉതിർക്കുന്ന ചപലത .
പകലിൻറ
പരിഷ്ക്കാരം മാറിപ്പോയേറെ
ഒരു നവപുലരിക്ക്
കേഴുന്നു ഞാൻ നിത്യം
പൂക്കളോ ചാരിതാർത്ഥ്യർ
അവതൻ സൗഗന്ധ പ്രസരിപ്പിൽ
എനിക്കോ .........?
നിഗൂഢനിശ്വാസം മാത്രം
നശിക്കുമെൻ .......
ദേഹമെന്നാകിലും
കേഴുന്നു ആത്മാവ് മൂകമായ്
ചെയ്തുപോയോരു പാതകമോർത്ത് .

ധന്യ .എസ് മധു

## കഥ

# തെരുവിൻെറസന്തതികൾ

ഡൈനിംഗ് റ്റേബിളിൽ നിരത്തിവെച്ചിരിക്കുന്ന പോഷകസമൃദ്ധമായ പഴവർഗ്ഗങ്ങളും മധുരപലഹാരങ്ങളും മതിവരുവോളം കഴിച്ച വയറുനിറഞ്ഞപ്പോഴാണ് ഒരു ഗ്ലാസ്സിൽ ഇളം ചൂടുള്ള പാലുമായി അമ്മ വന്നത്.

"മോനെ....ഇതുകൂടി കുടിക്ക് .എങ്കിനലേ എൻെറ മോൻ വലിയ ആളാകും."

വാത്സല്യത്തോടേ അമ്മ വിളിച്ചിരുത്തി,കഥകൾ പറഞ്ഞുകൊണ്ട് ഹോർലിക്സ് കലർന്ന പാൽ അൽപം തൻെറ വായിലേക്കൊഴിച്ചു കൊതന്നു .

പുഞ്ചിരിയോടേ അഛനും അമ്മയോടൊപ്പം കൂടി .

ഒക്കെ കഴിഞ്ഞപ്പോൾ കൂട്ടുകാരോടൊപ്പം മുറ്റത്തെ കളിയൂഞ്ഞാലിൽ ആടിക്കൊണ്ടിരിക്കുബോൾ "മോനേ വീഴും"എന്നും പറഞ്ഞുകൊണ്ട് അമ്മ ഓടി വന്നു പിന്നെ........

"ഛി,എണീക്കടാ ഇവിടുന്ന് .കണ്ട തെണ്ടികൾക്ക് ഉറങ്ങാൻ ഉള്ളതല്ല ഈ സ്ഥലം".

പെട്ടെന്ന്, കടക്കാരൻെറ ശകാരം കേട്ടാണ് അവൻ ഞെട്ടിയുണർന്നത്.ഒക്കെ വെറും സ്വപ്നമായിരുന്നുവെന്ന് അവൻ തിരിച്ചറിഞ്ഞു . പാവം കുട്ടി . കണ്ണുകൾ തിരുമി,കോട്ടുവായിട്ടുകൊണ്ട് അവനാ കടത്തിണ്ണയിൽ നിന്നും എഴുന്നെറ്റ് നടന്നു .

എറിയാൽ ഏഴുവയസ്സുകാണും വെളുത്ത്,കൊലുന്നനെയുള്ള ശരീരപ്രകൃതം . അഴുക്കുപുരണ്ട് നിറംമങ്ങിയൊരു നിക്കർ മാത്രമേ അവൻെറ മേൽ വസ്ത്രമായുള്ളൂ . ഒട്ടിയവയറുമായി,ഒരുനേരത്തെ ആഹാരത്തിന്

വേണ്ടി പലരുടെയുംമുന്നിൽ അവൻ കൈനീട്ടി . പക്ഷേ , എല്ലാവരുമവനെ ആട്ടിയോടിക്കുകയാണ് ഉണ്ടായത് അവൻ പിന്നെയും അലഞ്ഞുനടന്നു .എങ്കിലും ഒരു ഫലവുമുണ്ടായില്ല .

ഒടുവിൽ, തൻെറ വിശപ്പടകനായി പട്ടണത്തിലെ തിരക്കേറിയ ഹോട്ടലിൻെറ പിന്നാമ്പുറത്ത്, ദുർഗന്ധം വമിക്കുന്ന എച്ചിൽ കൂനക്കരിക്കിൽ അടിപിടിക്കൂടുന്ന കുറെ തെരുവ് നായിക്കളോടൊപ്പം ഉച്ചഛിഷ്ടവും വീഴുന്നതുകാത്ത് ആർത്തിയോടെ അവൻ നോക്കിനിന്നു .

*കാർത്തിക*

## *ഇൻറർനെറ്റും വൈറസ്സും*

കമ്പ്യുട്ടറിനോടൊപ്പം തന്നെ ആളുകളുടെ മനസ്സിൽ കയറിപറ്റിയ ഒരു വാക്കാണ് വൈറസ്സ്. ഇൻറർനെറ്റ് ഉപയോഗിക്കുന്ന എല്ലാവരും ശ്രദ്ധിക്കേണ്ട ഒന്നാണ് വൈറസ്സ്. മറ്റുള്ള കമ്പ്യൂട്ടർ പ്രോഗ്രാമുകൾ പോലെ

തന്നെ ഒരു പ്രോഗ്രാമാണ് വൈറസ്സ് പ്രോഗ്രാമുകൾ എന്ന് നമുക്ക് അറിവുള്ളതാണല്ലോ. അതിസമർത്ഥരായ കമ്പ്യൂട്ടർ വിദഗ്ധരാണ് വൈറസ്സുകൾ പടച്ചുവിടുന്നത്. അതുകൊണ്ടുതന്നെ ഇതിനെതിരെ ഫലപ്രദമായി എന്തെങ്കിലും ചെയ്യണമെങ്കിൽ വളരെയധികം ജാഗ്രത ആവശ്യമാണ്.

വൈറസ്സ് ഏതെങ്കിലും വഴിയിൽക്കൂടി കമ്പ്യൂട്ടറിൽ കടന്നാൽ ആദ്യം ചെയ്യുന്നത് കമ്പ്യൂട്ടറിലുള്ള ഏതെങ്കിലും പ്രോഗ്രാമുമായി സ്വയം ബന്ധിപ്പിക്കുകയാണ്. വൈറസ്സുകളെ തന്നെ പല ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. പ്രോഗ്രാമുകളിൽ കയറി പറ്റി അവസരം കിട്ടുന്നമ്പോൾ പ്രശ്നമുണ്ടാക്കുന്ന തരം വൈറസ്സുകളാണ് പ്രോഗ്രാം വൈറസ്സുകൾ. അതുപോലെ കമ്പ്യൂട്ടറിൻെറ ഹാർഡ്ഡിസ്കിൻെറ ബൂട്ട് സെക്ടറിൽ കടന്നുക്രുടി കമ്പ്യൂട്ടർ സ്റ്റാർട്ട് ചെയ്യുമ്പോൾ പ്രവർത്തിക്കുന്ന തരം വൈറസ്സുകളാണ് ബൂട്ട് സെക്ടർ വൈറസ്സുകൾ.

ഇത്തരത്തിലുള്ള കമ്പ്യൂട്ടർ വൈറസുകൾക്കെതിരെ നാം പ്രയോഗിക്കുന്ന വജ്രായുധമാണ് ആന്റി വൈറസ് പ്രോഗ്രാമുകൾ. ഹാർഡ്ഡിസ്കിലും ഫ്ളോപ്പിയിലും മറ്റും തിരഞ്ഞ് വൈറസുകളെ കണ്ടെത്തി നശിപ്പിക്കുന്ന പ്രോഗ്രാമുകളാണവ. ഇവയ്ക്ക് സാധാരണയായി നാം കനത്ത വില നൽകേണ്ടി വരും.

ബിന്ദു ബി

*എസ്.ഐ.ടി.സി*


Govt. VHSS VALATHUNG
Funded by MoEF & KSCT
RED
HOUSE

# അമ്മ



അമ്മമാർ എന്നും മക്കൾക്ക് പ്രിയപ്പെട്ടവർ തന്നെ . എല്ലാ അമ്മമാരും ദൈവത്തിൻെറ അനുഗ്രഹമാണ്. അമ്മ എന്ന സത്യത്തെ ജീവനിലുപരി തൻെറ മക്കളെ സ്നേഹിക്കുകയും ലാളിക്കുകയും ചെയ്യുന്നു . സ്വന്തം സന്തോഷങ്ങളും ഇഷ്ടങ്ങളും ത്യജിച്ച് കുഞ്ഞിൻെറ

നമ്മയെ കരുതി ജീവിക്കുന്ന സ്വന്തം ആരോഗ്യത്തിന് പ്രാധാന്യം കല്പിക്കാതെ കുഞ്ഞിന്റെ ആരോഗ്യം കാത്തുസൂക്ഷിക്കുന്നവളാണ് .

നാം കണ്ണുതുറക്കുന്നതോടെ അമ്മയെന്ന പുണ്യം അമ്മിഞ്ഞപ്പാലിന്റെ മാധുര്യം നുകർന്നുതന്നു. നമ്മൾ വളരുന്നത് നാം ജനിക്കുന്നതിനു മുമ്പ് സ്വപ്നം കണ്ടിരുന്ന അമ്മ. നമ്മൾ വളർന്നപ്പോൾ സ്വപ്നങ്ങൾ അമ്മയും കണ്ടുതുടങ്ങിയിരുന്നു. ആദ്യാക്ഷരം പഠിപ്പിച്ച ഗുരുനാഥയാണ് അമ്മ. നമ്മെ വാനോളം സ്നേഹിക്കുകയും നമ്മുടെ നന്മ മാത്രം ആഗ്രഹിക്കുകയും ചെയ്യുന്നഒരേയൊരു വ്യക്തി അമ്മയാണ്. സ്നേഹത്തിന്റെ മായാജാലത്താൽ ഒരു മാന്ത്രികലോകം നമുക്കായി തീർത്തവളാണ് അമ്മ.

*'നമ്മുടെ സൗഭാഗ്യം"*

**അഹല്യ**

കവിത

# ആഴവും ഉയരവും



ഒരു
തെങ്ങോളം
ഉയരം ഉണ്ടായിരുന്നു
പാറയ്ക്ക്അത്രത്തോളം
ആഴത്തിൽ
ഇപ്പോഴവിടം
വെള്ളക്കെട്ടായി
കുളിക്കാനും
അലക്കാനും
ആളുകൾ വരുന്നു
പോകുന്നു പാറമടയുടെ
ആഴം അറിയാത്തവർ
അതിൽ മുങ്ങി മരിച്ചിട്ടുണ്ട്.
പാറ പാറയായിരുന്നപ്പോൾ
ചിലർ
വീണു മരിച്ചിട്ടുണ്ട്.
പാറയുടെ
അതിൽ മുങ്ങി മരിച്ചിട്ടുണ്ട്.
പാറയുടെ
ഉയരം
അറിയാത്തവരായിരുന്നില്ലഅവരൊന്നും !

# FUNNY TRICKS

1

1+1=2

11+11=22

111+111=222

1111+1111=2222

11111+11111=22222

111111+111111=222222

1111111+1111111=2222222

11111111+11111111=22222222

111111111+111111111=222222222

## പ്രശ്നോത്തരി

1. ചൊവ്വായുടെ ഭ്രമണ പഥത്തിലെത്തുന്ന ആദ്യ ഏഷ്യ രാജ്യം?



ഇന്ത്യ

2.രണ്ട് ഓസ്കാർ അവാർഡ് നേടിയ ആദ്യ ഇന്ത്യക്കാരൻ ആരാണ്?

എ .ആർ . റഹ്മാൻ

3.ഇന്ത്യയിൽ വിദേശകാര്യ മന്ത്രിയാകുന്ന ആദ്യ വനിത ആരാണ്?

ഇന്ദിരാഗാന്ധി

4.ചന്ദ്രനിൽ ആകാശത്തിൻെറ നിറമെന്ത്?

കറുപ്പ്

5.കേരളം ഏറ്റവും കൂടുതൽ അതിർത്തി പങ്കിടുന്നത് ഏത് സംസ്ഥാനവുമായാണ്?

തമിഴ്നാട്

6.മഹാത്മഗാന്ധിയുടെ രാഷ്ട്രീയ ഗുരുവായി കരുതപ്പെടുന്ന വന്ദ്യവയോധികനായിരുന്ന നേതാവ്?

ഗോപാലകൃഷ്ണ ഗോഖലെ

7.ഗാന്ധിജിയുടെ ഓമനപ്പേര്?

മോനിയ

8.സംഘകാലകൃതികളുടെ മുഖ്യപ്രമേയം?

പ്രണയം , യുദ്ധം

9.അക്ബർ അന്തരിച്ചത്?

1605 ഒക്ടോബർ 17

10.പോർബന്തർ ഏത് സംസ്ഥാനത്താണ്?

ഗുജറാത്ത്

ഫാത്തിമ എസ്

# ഗ്രാമഭംഗി

അന്ധകാരത്തിൻ വനത്തിലല്ല
നാഗരികതയുടെ ഉള്ളിലല്ല
മദ്ധ്യവയസ്കനായി നിൽക്കുന്ന
എന്നുടെ കൊച്ചുഗ്രാമം.

പച്ചവിരിച്ചൊരു പാടമുണ്ട് ,മഞ്ചാടിക്കുന്നുകളും
കുന്നിൻെറ തീരത്തരുവിയുണ്ട്, ആറ്റിൻതീരമുണ്ട്
തത്തകൾ കൊത്തിപ്പെറുക്കുമ്പോൾ
ദുന്ദുഭികൊട്ടുന്ന മാരാർ വരും.

ചിറകുകൾ തമ്മിൽ ക്രൂട്ടിയുരസിയിട്ടാകാശമാകെ-
പറന്നുയരും പൂക്കൾ തലോടും തുമ്പികളും
പല്ലക്കിലേറിടുന്ന മേഘങ്ങളും വെണ്മയുള്ള തുമ്പയും
എൻെറ ഗ്രാമത്തിൻെറ ഐശ്വര്യം

രാഖിതമ്പി
കൈറ്റ്മിസ്ട്രസ്സ്

# കടപ്പാട്

ഡിജിറ്റൽ മാഗസീൻ തയ്യാറാക്കാൻ സഹായിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ അംഗങ്ങൾക്കും അതിന് നേതൃത്വം നൽകിയ രാഖി ടീച്ചറിനും മിനി ടീച്ചറിനും സ്ക്കൂൾ ഐ.ടി കോ-ഓഡിനേറ്റർ ബിന്ദു ടീച്ചറിനും നന്ദി അറിയിക്കുന്നു.

എഡിറ്റർ

# നന്ദി

